

# 2018-’19

# സ്ട്രിങ്



# ഡിജിറ്റൽ
## കയ്യെഴുത്ത് മാസിക

GIVING OUR STUDENTS THE WORLD
SNMHSS CHAZHUR

# ശ്രീനാരായണ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ
# ചാഴൂർ



# സന്ദേശം



അനുദിനം വികസിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ ചുവടുകൾക്ക് അനുസരിച്ച് മുന്നേറാനും അതിന്റെ അനന്തസാധ്യതകൾ സ്വായത്തമാക്കാനും ആരംഭിച്ച് ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ ചാഴൂർ എസ്.എൻ.എം.എച്ച്.എസ്.എസിലും പൊലിമയോടെ മുന്നേറുകയാണ്. അവരുടെ ആദ്യ സംരംഭമായ 'സ്ട്രിങ്ങ് ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മിസ്ട്രസ്സ്

എ.ഡി. ഷൈല

# ആശംസ



വിദ്യാർത്ഥികളുടെ ചിന്തയിൽ നിന്നും ഉതിർന്ന് ജ്വലിക്കുന്ന അക്ഷരങ്ങളാൽ ഉടലെടുത്തതാണ് 'സ്ട്രിങ്ങ്'. അക്ഷരങ്ങൾക്ക് അതിർവരമ്പുകളില്ല, അവരവരുടെ സർഗ്ഗസൃഷ്ടികളെ കൈപ്പിടിച്ചു ഉയർത്തുന്നതാണ് 'സ്ട്രിങ്ങ്' വിദ്യാഭ്യാസകാലഘട്ടത്തിലെ പരിഭവങ്ങളും സൗഹൃദവും സ്നേഹവും നൊമ്പരവും അവരുടെ നിറക്കൂട്ടുകളേയും ഒരേ ചരടിൽ കോർത്തിണക്കി രചിച്ച സ്ട്രിങ്ങിന് എല്ലാവിധ ആശംസകളും നേർന്നു കൊള്ളുന്നു.

മാനേജർ
സതീഷ് വലിയപറമ്പിൽ

# എഡിറ്റോറിയൽ

പ്രിയരെ,

ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിക്കുകയാണിവിടെ. ഒരു ഡിജിറ്റൽ മാഗസിൻ സ്ട്രിങ്ങ് കുരുന്നുകളുടെ സർഗ്ഗഭാവനകളിൽ നിന്ന് ഉരുത്തിരിഞ്ഞ കഥകളും കവിതകളും ലേഖനങ്ങളും വരകളുമാണിതിന്റെ ഉള്ളടക്കം. കേരളത്തെ ബാധിച്ച മഹാപ്രളയത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിച്ച ആലപ്പാട്, ചാഴൂർ, പുള്ള് എന്നീ പ്രദേശങ്ങളിലെ ഞങ്ങളുടെ കുരുന്നുകൾ ഫിനിക്സ് പക്ഷികളെപ്പോലെ ഉയിർത്തെഴുന്നേറ്റ് ഒത്തൊരുമിച്ച ഒരു പ്രവർത്തനഫലമാണ് ഈ മാസിക. തെറ്റുകുറ്റങ്ങൾ ഉണ്ടാകാം. ഭാവിയിലെ വലിയ മാറ്റങ്ങൾക്ക് ഒരു തുടക്കമാകട്ടെ!

– എഡിറ്റർ

## സ്ട്രിങ്ങിന്റെ സാരഥികൾ

തെജസ് എൻ .എസ്

അഖിൽ വി .എസ്

അനിറ്റ ജോണ്

നവനീത് പി . ജെ

ജോൽസന എൻ .എസ്

അഞ്ജലി നായർ

അഭിമന്യു വി .എം

ബിജിത്ത് ടി .ജി

സായൂജ് പി .എസ്

കൈറ്റ് മാസ്റ്റർ

നെയ്സൻ പൗലോസ്

കൈറ്റ് മിസ്ട്രസ്സ്

വി എസ് ബീന

# ഉള്ളടക്കം

1. ചില ഓർമ്മകളിലൂടെ
2. അറിയാതെ
3. ദ്വീപ് കടൽ
4. എന്റെ നാട്
5. കടൽ
6. The Friend
7. ഗന്ധർവ്വ ഗായകൻ
8. Gods own Country
9. The Other side of Rainbow
10. മരണം
11. My Mother
12. Paradise
13. പ്രഭാതം
14. എന്റെ പ്രളയാനുഭവങ്ങൾ
15. ആറാം തമ്പുരാന്റെ മനയിലേക്ക്
16. കുഞ്ഞുവരകൾ

നന്ദി

# ചില ഓർമ്മകളിലൂടെ.....













little KITEs

GIVING OUR STUDENTS THE WORLD
SNMHSS CHAZHUR

# ചില ഓർമ്മകളിലൂടെ.....









# ചില ഓർമ്മകളിലൂടെ.....













## സ്ട്രിങ്ങ്

# ചില ഓർമ്മകളിലൂടെ.....










# അറിയാതെ

പുഞ്ചിരിതൂകുന്ന പനീർ പുഷ്പമോ

എൻ കൂടെ വിരിയുന്ന മുല്ല യോനി നീ

എഴുതാൻ കഴിയാത്ത കവിത യോനി

എഴുതിയിടാൻ കൊതിക്കുന്ന അക്ഷരമോ

തലോടി ഇടാൻ വെമ്പുന്ന ഇവലോ നീ

തിരതല്ലി അകലുന്ന തിരമാല യോ

വിണ്ണിൽ തെളിയുന്ന നക്ഷത്ര മോ നീ

വിരഹത്തിൽ കൈപ്പുള്ള ഓർമ്മ യോനി

ദേവിക കെ എസ്

7C

# ദ്വീപ്കടലിലെ

നിറയെ തെങ്ങ് ഉള്ള ഒരു ദ്വീപായിരുന്നു അത്. അവിടെ

ഒരു കൊച്ചു ഗ്രാമം പ്രകൃതിരമണീയമായ സ്ഥലം. അവിടെ നാലു കൂട്ടുകാർ. ചെറുപ്രായത്തിൽ തുടങ്ങിയതാണ് അവരുടെ കൂട്ടുകെട്ട്. ചെറുപ്പത്തിൽ കുറച്ചു കുറുമ്പും കുസൃതി കാണിച്ചിരുന്നു. അവർക്ക് നാലുപേർക്കും ഒരാഗ്രഹമുണ്ട്. നല്ല ഒരു ജോലി വാങ്ങി കാശുകാരായി ലോകത്തിലെ പ്രശസ്തമായ സ്ഥലങ്ങൾ കാണാൻ പോകണം. വളരെനാളത്തെ കാത്തിരിപ്പിനുശേഷം അവർ പണക്കാരായി. അവരുടെ വീട്ടുകാരെ കൂടി ലോകം ചുറ്റാൻ കൊണ്ടുപോകണം എന്നായിരുന്നു ആഗ്രഹം. പക്ഷേ അവരുടെ വീട്ടുകാർ ഒഴിഞ്ഞുമാറി. അവരോട് തനിയെ പോയിവരാൻ വീട്ടുകാർ പറഞ്ഞു. അവർ ആദ്യം കപ്പലിൽ സഞ്ചരിക്കാൻ തീരുമാനിച്ചു. അതിനായി അവർ മുംബൈയിലെ തുറമുഖത്ത് അന്വേഷിച്ചു. അവർ വീട്ടുകാരുടെ അനുഗ്രഹം വാങ്ങി അവരുടെ ആഗ്രഹം സഫലീകരിക്കാൻ യാത്രയായി. അവർ മുംബൈയിലെത്തി . അവർ കപ്പലിൽ കയറി സഞ്ചാരം ആരംഭിച്ചു



ലണ്ടനിലേക്ക് ആയിരുന്നു അവരുടെ ആദ്യ യാത്ര. രണ്ടുദിവസം അവർ കപ്പലിൽ ആഘോഷിച്ചു. എന്നാൽ മൂന്നാം ദിവസം രാത്രി ഒരു വലിയ കൊടുങ്കാറ്റ് വീശി. കപ്പലിനെ ദിശമാറി, കപ്പൽ എങ്ങനെയോ തകർന്നു. അവർ നാലുപേരും ഒരു സേഫ്റ്റി ബോട്ടിൽ കയറി രക്ഷപ്പെട്ടു. അവർ ഒരു ദിവസത്തോളം കടലിൽ തന്നെയായിരുന്നു. പിന്നെ എപ്പോഴോ ഉച്ചയോടെ അവർ ഒരു ചെറിയ ദ്വീപിൽ എത്തിച്ചേർന്നു. നിറയെ കരിക്ക് ഇവിടെയാണ് ഉണ്ട്. അവർ കരിക്ക് കല്ലിൽ എറിഞ്ഞ് വെള്ളം കുടിച്ചു പൊട്ടിച്ചു നാലുമാസത്തോളം അവർ ആ ദ്വീപിൽ തന്നെയായിരുന്നു. അതിനിടയിൽ അവർ മീൻ പിടിച്ച് ചുട്ട് കഴിച്ചു . പിന്നെ തടിയും കല്ലും അവർ മരങ്ങൾകൊണ്ട് ഒരു ചങ്ങാടം ഉണ്ടാക്കി കടലിലിറക്കി യാത്ര തുടങ്ങി . അവരുടെ ഭാഗ്യത്തിന് ഒരു കപ്പൽ ആ വഴി വന്നു. അവർ തുണി വീശി . കപ്പിത്താൻ അവരെ കണ്ടു. കപ്പൽ അവരുടെ അടുത്തെത്തി , അവരെ കപ്പലിൽ കയറ്റി. അങ്ങനെ അവർ രക്ഷപ്പെട്ടു.



# എൻറെ നാട്



കലകൾ നിറയും നിറയും എന്നുടെ നാട്

കവിതകൾ വാഴും എന്നുടെ നാട്

കാവ്യകൾ കാക്കും എന്നുടെ നാട്

പുഴകൾ ഒഴുകു ഒഴുകു ഒഴുകും എന്നുടെ നാട്

അരുവികൾ നിറയും എന്നുടെ നാട്

പച്ചപ്പിൽ മുങ്ങും എന്നുടെ നാട്

കഥകളിയുടെ സ്വന്തം നാട്


ലയാളത്തിലെ സ്വന്തം നാട്

BY

Adhila.k.r

8D

# കടൽ



കടൽ, അപാര തീരത്തിന്റെ
ഏകാന്ത കാമുകൻ
ആരത്തൊന്ന് പുൽകുമ്പോഴേക്കും
തിരിച്ചു വിളിക്കപ്പെടുന്നവൻ.
ആവർത്തന വിരസതയ്ക്കൊടുവിൽ-
മോഹങ്ങളെല്ലാം തകർന്ന-
വന്റെ രൂക്ഷ ഭാവവും പേറി-
എല്ലാം തകർക്കുവാനുള്ള വാശിയോടെ,
അക്രമം അഴിച്ചുവിടുന്നവൻ
ഒടുവിൽ എല്ലാം വെറുതെ
ഒന്നും ശാശ്വതമല്ല എന്ന
എന്നതിരിച്ചറിവിൽ ശാന്തനായി
മഹർഷി തുല്യനാകുന്നവൻ.
കടൽ, അപാര തീരത്തിന്റെ ഏകാന്ത കാമുകൻ



By

Abhimanyu

## *The Friend*



Who stands by..............

When troubles come your soul to try

The friends who stands by

Who comes to solve the troubles

Perhaps there's nothing he or she can do

But you presence makes me fair

Nor friendship lift the heavy load

But just to feel you are a friendship

Who will stand by,until the end

Whose warm sympathy is always yours

Whose love is always yours

It helps some how to pull me through

The world of joy

Although there's nothing he or she can do

And so with good heart we cry

God bless the friend who just stands by

BY

Devika.k.s

7C

## ഗന്ധർവ്വ ഗായകൻ

ദൂരെദൂരെ ആരോ പാടുന്നു

പാട്ടിൽ അലിഞ്ഞുപോയി

ആ ഗായകനെ പാട്ട്



മഴയായി പെയ്യുന്നത് കാത്തിരുന്നആ ഗായകനെ മുഖം പോലും

കാണാതെ അവൾ കാത്തിരുന്നു

ദൂരെ ദൂരെ ആരോ പാടുന്നു

പാട്ടിൽ അലിഞ്ഞുപോയി

അവളുടെ മനം കവർന്നു

ആ പാട്ട് കേൾക്കാൻ അവൾ ആശിച്ചു പോയി

ആ ഗായകന്റെ പാട്ടിനെ അവൾ

അറിയാതെ സ്നേഹിച്ചുപോയി

ദൂരെദൂരെ ആരോ പാടുന്നു

പാട്ടിൽ അലിഞ്ഞുപോയി

REVATHI
6B

# GODS ON COUNTRY

കേരളം അതിമനോഹരമായ പ്രകൃതിരമണീയമായ സംസ്ഥാനമാണ്. അവിടെ ധാരാളം വയലുകളും,

തെങ്ങുകളും ,പുഴകളും, അരുവികളും ഉണ്ട്. കുറേപേർ വയലുകളിലും പറമ്പുകളിലും കൃഷി ചെയ്തിരുന്നു.

ധാരാളം വിനോദസഞ്ചാരികൾ കേരളത്തിലേക്ക് വരും. പക്ഷേ കുറെ കൊല്ലങ്ങളായി കേരളത്തിലെ കുന്നുകളും വയലുകളും എല്ലാം നികത്തി, അവിടെ വലിയ കെട്ടിടങ്ങൾ ഉയർത്തി. മനുഷ്യൻറെ ഈ പ്രവർത്തി കാരണം ധാരാളം പ്രശ്നങ്ങൾ ഉണ്ടായി. അതിലൊന്നാണ്2018- ലേ പ്രളയം. അതിൽ ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായി. പ്രണയത്തോടൊപ്പം തന്നെ ഉരുൾപൊട്ടലും കേരളത്തിൻറെ പലഭാഗങ്ങളിലായി ഉണ്ടായി.

പാവപ്പെട്ട അവരോടൊപ്പം തന്നെ പണക്കാരും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചു. കുറേ ആളുകളുടെ വീടുകൾ പൊട്ടിത്തകർന്നു ചിലരുടെ വീടുകൾ നഷ്ടമായി ഉരുൾപൊട്ടലിലും മഴയിലും കുറേപേർ മരിച്ചു . പ്രണയത്തിൻറെ സമയത്ത് രാഷ്ട്രീയം, ജാതിമതം, വേർപാട് ഇല്ലാതെ മലയാളികൾ

ഒത്തൊരുമയോടുകൂടി ജീവിച്ചു. കേരളത്തിൽ വന്ന പ്രളയം ലൈവ് മലയാളികൾക്ക് വഴികാട്ടിയായി . നമ്മൾ നിസ്സാര കാരായി കണ്ട ആളുകൾ നമ്മുടെ ജീവിതം രക്ഷിച്ചു. നമ്മൾ ഒരാളെയും



# The other side of rainbow

Seven colours fill my eyes , they are
Seven stories I have searched for
Each story differs like each colour
Even we see them happy , take
a deep look and they are they really
Now we see happy sobs
Then we see tears as rain
Pain is thunder revenge is lighting





Seven colours fill my eyes , they are
Seven dreams of sorrow colours
each colour is in love with moon
Even though they are tied with sun
a close look shows they are slave
Now and then they wish to be alone
Then we see iron chains on them
cloud wipe tears while it's out flowing

BY
Sayooj.p.s
9c

# മരണം



എപ്പോഴോ കുളായി വന്നത് അറി-
ഞ്ഞില്ല ഞാൻ;
എൻറെ മാതാപിതാക്കൾ, ഗുരുക്കന്മാർ
എൻറെ ബന്ധുക്കൾ പ്രേതമായി ഈ
ഈ ഭൂമിയിൽ പാറിനടന്നത് അറിഞ്ഞില്ല ഞാൻ.
പറഞ്ഞത് അറിഞ്ഞില്ല ഞാൻ,
എനിക്കറിയില്ല എപ്പോഴാണ് എൻറെ
മരണം;
എൻറെ മരണം ഈ ഭൂമിയിലെ
വാതിൽക്കലിൽ വന്നതറിഞ്ഞില്ലേ ഞാൻ;
എൻറെ സ്വപ്നങ്ങൾ എൻറെ ആഗ്രഹങ്ങൾ
എപ്പോഴോ മാഞ്ഞു പോയതറിഞ്ഞി-
ല്ല ഞാൻ.
എൻ മിഴി നിറഞ്ഞ കണ്ണുകൾ
എപ്പോഴോ മായയായി അടഞ്ഞത്-
അറിഞ്ഞില്ല ഞാൻ.
എൻശരീരമാകെ തളർന്നത്-
അറിഞ്ഞില്ല ഞാൻ.
ഞാൻപിറന്ന നാട്ടും എൻ ജീവനും-
വിട്ട്എപ്പോഴോ മായയായി വീണ്ട വിണ്ണി
പിന്നിലേവിണ്ണിലെക്കെന്നെ എൻ മരണം കൊണ്ടു പോ-
യത്റിഞ്ഞില്ല ഞാൻ.
എന്നെ ഇരുട്ടിലേക്ക് കൊണ്ടു-
പോയി എൻ മരണം.

BY

Seershaja.v.s

8B

## My Mother



My mother is my heart

My heart is my mother

She leaves all for me

Nothing can be close to the love of my mother

Oh,my lovely mother,oh my lovely mother

She is filled with pure love

She love me very much

She is the sigh of the God

She is my guide

She is my close friend

My mother is the most valuable in the world

My mother is my life line

Remember this................

When she is alive we don't know her love

Oh!my loveable mother

I love you so much

BY

Anjana Joju

10c

# Paradise



No.......... dear,there was no grass in there,
And was no air too
But still I walked .....
And when I was near .....
I forgot the fear,
I was taken by something which I don't remember
I passed the gate,
And I became a member......
All souls greeted me in favour,
But I had no tears to shed
The place was peaceful and tremendous
I walked further......
And walked,
They told me that the last entrance will be heaven ......
And when I reached
At last.....




I saw..... the smiles of every souls.....
I recognised them all .....But,
I searched for that face of yours .....
Then a soul said , This is heaven
I was not surprised nor was I curios.....
I looked out of the pearl window,
And saw the earth......And you.....
I recognized at that moment...That .....
Without you ...,..Even heaven was hell.....
And that moment which I shared with you.....
You and me.... That was PARADISE......

BY

Naison Paulose
HSA English

# പ്രഭാതം

പ്രഭാതമേ,
ഓർമ്മകൾ മരണം വിതച്ചൊരൻ ഹൃത്തിൽ
വരിക നിൽക്കനീ ഒരു നിമിഷം മാത്രം



എൻ ജീവ കളരിയിലൊരു പദം ആടുവാൻവിരുന്നീല
പാഞ്ചാലി കർണ്ണനും വിദുരരും
ഇവിടെയീയരങ്ങത്തൊര നാടകമേരവേ
എൻ മനസ്സിലൊരു തിരശീല വീഴുന്നു
മിഴി കോണിൽ നീരുറവ പൊട്ടുന്നു.
ഗദ്ഗദം ഉറന്ന നെഞ്ചിൽ പിടച്ചിൽ
ഈ വഴിത്താരയിൽ ഓർമ്മകൾ മാത്രം
രാവിന് നിശബ്ദതയിൽ ചിരിക്കുന്നൊരു മിറിചന്ദ്രന്
ഗായത്രി പാടാൻ വിതുമ്പുന്നു ചുണ്ടുകൾ
ഓർമ്മകൾ ശാപം വിതച്ചൊരെൻ ഹൃത്തിൽ
വരിക നീ സാന്ത്വന പകരും ഒരു തെന്നലായ്
ഈ നിമിഷ നിശബ്ദത സുന്ദരമാക്കുവാന്
വരിക -എൻ -മനതാരിൽ- നില്ക്ക നീ ഒരു നിമിഷം മാത്രം

-അനിറ്റ ജോജു
9c

# എൻറെ പ്രളയാനുഭവങ്ങൾ

കേരളത്തിലെ തൃശ്ശൂർ ജില്ലയിലെ ഒരു ഗ്രാമം. പഴയ കൊണ്ടുവന്നു അവിടെ ഒത്തൊരുമയോടുകൂടി താമസിക്കുന്ന 13 കുടുംബങ്ങളുണ്ട്. അവർ പരസ്പരം സഹായിച്ചിരുന്നു അവരൊരുമിച്ച് ബീച്ചിൽ പോകും
സിനിമ കാണാൻ പോകും. വീടുകൾ താഴ്ന്ന ഒരു പറമ്പിലാണ്. കുറച്ചു ഉയരത്തിൽ ആയാണ് റോഡ്. 15- 8 -2018 കേരളത്തിൻറെ പലഭാഗങ്ങളിലും കനത്തമഴ ഉരുൾപൊട്ടൽ കൊടുങ്കാറ്റ് എന്നിവ ഉണ്ടായിരുന്നു. 32 ഡാമുകൾ തുറന്നുവിട്ടു. പുഴ വഴിമാറി ഒഴുകി പല വീടുകളിലും വെള്ളംകയറി. ദൈവമേ വായിച്ചു ഞങ്ങളുടെ അവിടെ വെള്ളം കയറിയില്ല. പക്ഷേ നിർഭാഗ്യവശാൽ അന്നേദിവസം രാത്രിയിൽ ഒന്നു 30-ന് അവിടെ വെള്ളം കയറി. അടുത്തവീട്ടിലെ ചേച്ചിയാണ് അവിടെ വെള്ളം കയറിയെന്ന് വിളിച്ചറിയിച്ചത്. ഞങ്ങൾ വാതിൽ തുറന്നു നോക്കി. ഒന്നാമത്തെ പടി മുങ്ങി. അപ്പോൾത്തന്നെ ഞങ്ങൾ സാധനങ്ങളെല്ലാം മുകളിലേക്ക് കയറ്റി. പിറ്റേന്ന് ഞങ്ങൾ അടുത്ത വീട്ടിലേക്ക് പോയി. അത് കുറച്ച് ഉയർന്ന സ്ഥലമായിരുന്നു. പക്ഷേ നിർവഹിച്ചാൽ അവിടെയും വെള്ളംകയറി. ഞാനും ആ വീട്ടിലെ മാമനും പുഴയുടെ അടുത്തു ചെന്ന് നോക്കി പുഴ വെള്ളം കരയ്ക്ക് കയറിയിരുന്നു. അപ്പോൾ തന്നെ മെമ്പർ വന്ന് എല്ലാവരോടും ക്യാമ്പിലേക്ക് വരാൻ പറഞ്ഞു . ഒരു ആംബുലൻസും പറഞ്ഞുവിട്ടു. ഞങ്ങളും അടുത്ത വീട്ടുകാരും ആംബുലൻസിൽ കയറി അടുത്തുള്ള സ്കൂളിൽ പോയി. പേര് റജിസ്റ്റർ ചെയ്തു . ഒരാഴ്ച ത്തോളം ഞങ്ങൾ ക്യാമ്പിൽ തന്നെയായിരുന്നു. ഞങ്ങൾ ക്യാമ്പിൽ ആയ കാര്യം മാമനെ വിളിച്ചറിയിച്ചു. മാമൻ തൃശ്ശൂരിലെ ഒരു ബന്ധുവിനെ തുണിക്കടയിൽ ആണ് ആഴ്ചയിലാണ് മാമൻ വീട്ടിൽ വരിക. മാമൻ പറഞ്ഞു അവിടെയും വെള്ളംകയറി അവർ വേറെ സ്ഥലത്താണെന്ന്. മാമൻ എങ്ങനെയോ അവിടെ എത്തി. ഞങ്ങൾ മാമൻറെ പേരുകൂടി രജിസ്റ്റർ ചെയ്തിരുന്നു. അതുകൊണ്ട് കുഴപ്പമൊന്നും ഉണ്ടായില്ല. ഓണം പ്രമാണിച്ച് ക്യാമ്പിലുള്ള എല്ലാവർക്കും സദ്യ നൽകി. ഞങ്ങൾ ക്യാമ്പിൽ ആയിരുന്നപ്പോൾ വിഷമിപ്പിക്കുന്ന വാർത്തയായിരുന്നു കേട്ടുകൊണ്ടിരുന്നത്. അവിടത്തെ വെള്ളം ഉയർന്നു കൊണ്ടിരിക്കുകയാണെന്ന വാർത്തയായിരുന്നു അത്. ഓണം കഴിഞ്ഞ് ബാബു മാമൻ അവിടത്തെ വെള്ളം ഇറങ്ങി എന്നു പറഞ്ഞു. ക്യാമ്പിൽ നിന്നും വീട് വൃത്തിയാക്കാനുള്ള സാധനങ്ങൾ കിട്ടി. ഞങ്ങൾ വീടു വൃത്തിയാക്കി അവിടെ താമസിച്ചു. പിന്നെ ഒരു കാര്യം മനസിലായി നമ്മൾ നിസാര കാരായി കണ്ട ആളുകളാണ് നമ്മളെ രക്ഷപ്പെടുത്തിയത് നമ്മൾ ആരെയും നിസാര കാരായി കാണരുത് എന്ന സത്യം വെള്ളപ്പൊക്കത്തിലൂടെ എല്ലാവർക്കും മനസ്സിലായി. വെള്ളപ്പൊക്കമുണ്ടായപ്പോൾ ജാതർ ജാതിമതഭേദം രാഷ്ട്രീയവും ഇല്ലാതെ എല്ലാവരും ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി നിന്നു. ദൈവത്തിൻറെ സ്വന്തം നാട്ടിൽ ദൈവം തന്നെ വരുത്തിയ ഒരു വെള്ളപ്പൊക്കം ആണിതെന്ന് ഞങ്ങൾ വിശ്വസിച്ചു. കാരണം മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്നു. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല. ദൈവത്തിന് എല്ലാവരും സമന്മാരാണ്. ഇതുപോലെ ഒത്തൊരുമയോടെ നിന്ന് കേരളത്തെ വീണ്ടെടുക്കാം

ബിജിത്ത്

9d

വൃത്തിയാക്കാനുള്ള സാധനങ്ങൾ കിട്ടി. ഞങ്ങൾ വീടു വൃത്തിയാക്കി അവിടെ താമസിച്ചു. പിന്നെ ഒരു കാര്യം മനസിലായി നമ്മൾ നിസാര കാരായി കണ്ട ആളുകളാണ് നമ്മളെ രക്ഷപ്പെടുത്തിയത് നമ്മൾ ആരെയും നിസാര കാരായി കാണരുത് എന്ന സത്യം വെള്ളപ്പൊക്കത്തിലൂടെ എല്ലാവർക്കും മനസ്സിലായി. വെള്ളപ്പൊക്കമുണ്ടായപ്പോൾ ജാതർ ജാതിമതഭേദം രാഷ്ട്രീയവും ഇല്ലാതെ എല്ലാവരും ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി നിന്നു. ദൈവത്തിൻറെ സ്വന്തം നാട്ടിൽ ദൈവം തന്നെ വരുത്തിയ ഒരു വെള്ളപ്പൊക്കം ആണിതെന്ന് ഞങ്ങൾ വിശ്വസിച്ചു. കാരണം മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്നു. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല. ദൈവത്തിന് എല്ലാവരും സമന്മാരാണ്.

ഇതുപോലെ ഒത്തൊരുമയോടെ നിന്ന് കേരളത്തെ വീണ്ടെടുക്കാം

ബിജിത്ത്

9d

# ആറാം തമ്പുരാൻറെ മനയിലേക്ക്

എന്നും ചെയ്യുന്ന പതിവ് ജോലികൾ നിന്നും ഒളിച്ചോട്ടം ബാല്യ കാലത്തേക്ക് ഒരു തിരിച്ചുപോക്ക് ഉത്തരവാദിത്വങ്ങൾ ഒന്നുമില്ലാതെ അതായിരുന്നു എനിക്ക് എന്നു സ്റ്റാഫ് ടൂർ പതിവുപോലെയുള്ള സ്റ്റാഫ് മീറ്റിംഗ് എന്ന ധാരണയിലാണ് 10 C- നിന്ന് ഓടിക്കിതച്ചെത്തിയത്. ഇതുവരെ നിന്ന് ക്ലാസെടുത്ത ക്ഷീണംതീർക്കാൻ കിട്ടിയ കസേരകളിലൊന്നിൽ ചാടി പിടിച്ചിരുന്നു. തുടക്കം പതിവുപോലെ തന്നെ സ്കൂൾ അച്ചടക്കം ദിനാചരണം s.u.p.w എന്നിങ്ങനെ .... എല്ലാവരും വരും തലമുറയുടെ അച്ചടക്കം ഇല്ലായ്മയെ കുറിച്ച് ഘോരഘോരം പ്രസംഗിച്ച കൊണ്ടേയിരുന്നു. വാച്ചിൽ നോക്കിയപ്പോൾ ഏകദേശം ഒരു പിരീഡ് കഴിയാറായി. ഈശ്വരാ..... എൻറെ ഓർഗാനിക് കെമിസ്ട്രി ക്ലാസ് വീണ്ടും പോയി എന്ന് മനസ്സിൽ മന്ത്രിച്ചു. എന്തോ.... വിഷയത്തിൽനിന്ന് വ്യതിചലിക്കാൻ ആയി മാഷിൻറെ ചോദ്യം പെട്ടന്നായിരുന്നു .സ്റ്റാഫ് ടൂർ ഈ പ്രാവശ്യം എവിടേക്കാ പോകേണ്ടതെന്ന്. എല്ലാവർക്കും അഭിപ്രായം പറയാം എന്നുള്ള മാഷിൻറെ സംസാരം ഏറെ ആശ്വാസം നൽകി. അപ്പോഴാണ് 6 മുതൽ 6 വരെ മതി എന്ന് സുനിൽ ടീച്ചർ. എങ്കിൽ സ്ഥലം ഏതാണെന്ന് അടുത്ത ചോദ്യം. നമ്മുടെ ജില്ല മതി മാഷേ എന്ന് പതുക്കെ എല്ലാവരും കുശുകുശുപ്പ് തുടങ്ങി. അങ്ങനെ അവസാനം കലാമണ്ഡലം, വരിക്കാശേരി എന്നിവയ്ക്ക് നറുക്ക് വീണു. കേട്ടപാടെ മനസ്സിൽ ലഡ്ഡു പൊട്ടി. ഒരുപാട് നാളായിട്ടുള്ള ആഗ്രഹമാണ്, അതിന് ഒരു അവസരം കൈവന്നിരിക്കുന്നു. നിരവധിതവണ ക്വിസ് മത്സരങ്ങൾക്കായി പഠിച്ച ചോദ്യം വീണ്ടും മനസ്സിൽ' കലാമണ്ഡലം സ്ഥാപിച്ച മഹാകവി ആര്?' വീണ്ടും അടുത്ത ബെൽ. എന്തായാലും സന്തോഷേട്ടൻ കൃത്യസമയത്ത് ബെല്ലടിക്കാൻ മറന്നിട്ടില്ല എന്ന് ആരോ കമൻറ് വീശി. ഇതുകേട്ട് അടുത്ത ക്ലാസ്സ് മുറിയിലേക്കുള്ള ഓട്ടം വീണ്ടും........

അങ്ങനെ ആ ദിനം നവംബർ 10- നേരത്തെ കിടന്നിട്ടും ഉറക്കം വരുന്നില്ല. എന്തായാലും ഭക്ഷണം ആരും കൊണ്ട് വേണ്ട. മാഷിൻറെ നിർദ്ദേശം വീണ്ടും മനസ്സിൽ മുഴങ്ങി . എങ്കിലും ടൂറിന് കുടിച്ചോട്ടെ പതിവിലും നേരത്തെ എഴുന്നേറ്റു. പതിവുപോലെ നേരെ അടുക്കളയിലേക്ക്.............. ജോലിയെല്ലാം പെട്ടന്ന് തീർത്തു റെഡിയായി. പെട്ടെന്നാണ് മേഘയുടെ മകൻറെ അസുഖത്തെ കുറിച്ച് ഓർത്തത്. ഒമേഗയും കൂടിയുണ്ടെങ്കിൽ ഒന്നുകൂടെ ഉഷാറാക്കാം എന്നായിരുന്നു മനസ്സിൽ. വിളിച്ചപ്പോൾ' ഇല്ല 'എന്നായിരുന്നു മറുപടി. എങ്കിലും എന്തോ ഒരു തിടുക്കം. തൻറെ ആൾക്കാരല്ലേ സമയം കുറച്ച് പിടിക്കും, വെറുതെ റോഡിൽ ചെന്ന് നിൽക്കണ്ട എന്ന് ആളുടെ വക പരിഹാസമാണ്' ഇറങ്ങി' എന്ന നീനുവിൻറെ വിളിവന്നപ്പോൾ എന്തൊരാശ്വാസം. പാലക്കൽ എത്തിയപ്പോൾ ധന്യയും, പ്രീതിയും കാത്തിരിക്കുന്നുണ്ടായിരുന്നു. കൂടെ ഒരു കൊച്ചു പ്രീതയും. പ്രീതയുടെ മോൾ നന്നായി പൊക്കം വെച്ചിരുന്നു. അധികംവൈകാതെ ബസ് മുന്നിൽ എത്തി.

എല്ലാവരും അതിൽ തിടുക്കപ്പെട്ട് ചാടിക്കയറി. പതിവിലേറെ എല്ലാവരും സന്തോഷത്തിലായിരുന്നു. ബസ്സിൽ പഴയ ഗാനങ്ങൾ മൂളിക്കൊണ്ടിരുന്നു. തൃശ്ശൂരിൽ എത്തിയതോടെ ഏതാണ്ട് നിറഞ്ഞ മട്ടായി. പതിവിലും വിപരീതമായി നൈസൻ മാഷ് നേരത്തെ എത്തിയിരുന്നു. വലിയൊരു ബാഗും ആയിട്ടായിരുന്നു ആളുടെ വരവ് .ആൾ അകത്തു

കയറിയതും റസാഖ് മാഷ് ബാഗ് ചാടിപ്പിടിച്ച് പരിശോധന തുടങ്ങി. ഏതാണ്ട് കസ്റ്റംസ് ഉദ്യോഗസ്ഥരെ തോൽപ്പിക്കുന്ന തരത്തിൽ ആയിരുന്നു ആളുടെ പരിശോധന. ഭാര്യയുടെ പരിശോധന നേരത്തെ കഴിഞ്ഞ ബേഗാ മാഷേ എന്നുള്ള നൈസൻ മാഷിൻറെ മറുപടി ഏവരെയും ചിരിയിൽ ആഴ്ത്തി.

തിരൂരിൽ നിന്ന് ആഷ്‌ലി കൂടി കയറിയതോടെ ഏതാണ്ട് ബസ് നിറഞ്ഞ മട്ടായി. ബസ്സിലെ പരിപാടികൾക്ക് തുടക്കംകുറിച്ചത് കുട്ടിപ്പട്ടാളം ആയിരുന്നു." കുട്ടികൾ കുലീനൻ മാരായ കാട്ടാളൻ ആണെന്ന" റുസോവിന്റെ കൾ വാക്കുകൾ മനസ്സിൽ അലയടിച്ചു. എല്ലാ കുട്ടികൾക്കും നൈസൻ മാഷിൻറെ വക സമ്മാനം ഉണ്ടായിരുന്നു. വടക്കാഞ്ചേരിയിലെ ഹോട്ടലിലേക്ക് മസാലദോശ യുമായി നീങ്ങുമ്പോൾ പലരും ഡ്രസ്സ് കോഡ് ചർച്ചയിലായിരുന്നു. ഏറെ നാളുകൾക്ക് ശേഷം സംഗീതയെ കണ്ടപ്പോൾ മനസ്സിൽ പണ്ടത്തെ രസതന്ത്ര ക്ലാസുകൾ ഓർമ്മയിൽ വന്നു. അധികം കാത്തിരിക്കാതെ മസാലദോശ മുന്നിലെത്തി. പെട്ടെന്ന് തന്നെ ദോശ അകത്താക്കി ബസ്സിലേക്ക്. പെട്ടെന്നാണ്' ഉല്ലാസ പൂത്തിരികൾ' എന്ന ഗാനവുമായി' ജയൻ' ബസ്സിൽ എത്തിയത്. ഒട്ടും മോശം ആകരുതല്ലോ എന്നുകരുതി, മൊബൈൽഫോണിൽ നോക്കി ഞങ്ങളും തിരിച്ചടിച്ചു. വീണ്ടും വീണ്ടും പാട്ടുകളുടെ വരികൾ സ്ക്രീനിൽ ഷോട്ട് എടുത്ത തയ്യാറാക്കി വെച്ചു. മനസ്സ് ആവേശ തിമിർപ്പിൽ ആയിരുന്നു. കലാമണ്ഡലത്തിൻറെ മുന്നിൽ ചെന്നിറങ്ങിയപ്പോൾ പ്രീതയുടെ മാമൻ കാത്തുനിൽപ്പുണ്ടായിരുന്നു. അവധിദിനം ആണെങ്കിലും ഞങ്ങൾക്കായി അദ്ദേഹം കലാമണ്ഡലത്തിൻറെ മുക്കും മൂലയും പരിചയപ്പെടുത്തി. എല്ലാവരും സെൽഫിയുടെ തിരക്കിലായിരുന്നു. പലരും കുട്ടികളെപ്പോലെ ആയോ എന്നൊരു സംശയം. എങ്കിലും ഒരുപാട് മഹാന്മാർ നിറഞ്ഞാടിയ കൂത്ത്അമ്പലത്തിനുള്ളിൽ കയറിയപ്പോൾ എന്തെന്നില്ലാത്ത ചൈതന്യം. അനുഗ്രഹത്തിനായി കുമ്പിട്ടു. വള്ളത്തോളിനെ സ്മരിച്ചുകൊണ്ട് വീണ്ടും വണ്ടിയിലേക്ക്........... റോഡിനിരുവശത്തും നിൽക്കുന്ന കരിമ്പനകൾ വകവയ്ക്കാതെ ബസ് മുന്നോട്ടു കുതിച്ചു. മനസുനിറയെ ഉണ്ണിമായയും ആറാം തമ്പുരാനും ആയിരുന്നു. പെട്ടെന്നുതന്നെ മനയിലെത്തി. ആദിത്യ മര്യാദ കൊണ്ട് പാലക്കാട്ടുകാർ തൃശ്ശൂരിനെ തോൽപ്പിച്ച ലോഎന്ന് തോന്നി. പ്രിതയുടെ വീട്ടുകാർ എല്ലാവരും വഴികാണിക്കാൻ എത്തിയിരുന്നു. അവരോട് പ്രശ്നം നടത്തിയശേഷം വെയിലിനെ വകവയ്ക്കാതെ വീണ്ടും മനയിലേക്ക്..... വലതുകാൽവെച്ച് മനയിലേക്ക് കയറുമ്പോൾ എന്തെന്നില്ലാത്ത ചൈതന്യം. പഴമയുടെ പ്രൗഢി ഒട്ടും ചോരാത്ത വരിക്കാശ്ശേരി മന തലയെടുപ്പോടെ നിന്നു. ആറാംതമ്പുരാൻ നിറഞ്ഞാടിയ മണ്ഡപത്തിൽ ഇരുന്ന് ഫോട്ടോക്കായി പോസ്റ്റ് ചെയ്യുമ്പോൾ വല്ലാത്ത ഗർവ്ആയിരുന്നു മനസ്സുനിറയെ. ഫോട്ടോ കായി പോസ് ചെയ്യുന്നതിനിടയിൽ പെട്ടെന്നാണ് സെറ്റ് സാരി വിൽപനക്കാരെ കണ്ടത്. സെറ്റ് സാരിയിലെ പെയിൻറിങ് ചിത്രങ്ങൾ മികച്ച നിന്നിരുന്നു. അകത്തുകടന്നപ്പോൾ മുണ്ടു വാങ്ങുന്ന തിരക്കിൽ ആരായിരുന്നു ബീന ടീച്ചറും ഷൈലജ ടീച്ചറും. ഓടിക്കയറി മുകളിലെത്തിയപ്പോൾ എസി യെ വെല്ലുന്ന തണുപ്പായിരുന്നു. മുകളിൽനിന്ന് നടുമുറ്റത്തെ തുളസി യിലേക്ക് നോക്കി നിന്നപ്പോൾ സ്വയം കാവ്യമാധവൻ ആണെന്ന ഭാവമായിരുന്നു ഉള്ളിൽ. തിരിച്ചിറങ്ങിവീണ്ടും നടുമുറ്റത്തേക്ക് .തിരുവാതിര കളിച്ചാലോ എന്ന് ആരോ ചോദിക്കേണ്ട താമസം, പ്രൊഫഷണൽ താരങ്ങളെ വെല്ലുന്ന കളിക്കാരായി മാറി എല്ലാവരും. മന കാണാൻ വന്ന പലരും തിരുവാതിര നോക്കി നിൽപ്പുണ്ടായിരുന്നു ചുറ്റും. ഇതിനിടയിലാണ്' വിജ്ഞാനച്ചെപ്പ്' കളി നിർത്താ, എന്ന നമ്പൂതിരി ഭാഷ കേട്ടത്. dumb charades കളിയായിരുന്നു അടുത്ത ഇനം.' വർണ്ണത്തിൽ ആശങ്ക' എന്ന സിനിമ പേര് സരിത അഭിനയിച്ചത് കണ്ടപ്പോൾ

എല്ലാവരും വല്ലാത്ത ആശങ്കയിലായി പോയി. ഇങ്ങനെയൊരു സിനിമ തന്നെ ഉണ്ടോ എന്നായിരുന്നു എല്ലാവരുടെയും അന്വേഷണം. ജോലിത്തിരക്കിനിടയിൽ ചിരിക്കാൻ മറന്നു പോകുന്ന ഞങ്ങൾക്ക് ചിരി നിർത്താൻ പറ്റാത്ത അവസ്ഥയായിരുന്നു അപ്പോൾ. ഇതിനിടയിൽ വിശപ്പ് ച്ചൂളം കുത്തി. ബിരിയാണിയുമായി മല്ലിടാൻ എല്ലാവരും പടിഞ്ഞാറേക്കെട്ടിലേക്ക് നടന്നു. കല്ലിട്ടു പാകിയ തറയിലായിരുന്നു എല്ലാവരും ഇരുന്നത്. ബിരിയാണിക്ക് ഒപ്പമുണ്ടായിരുന്ന മുട്ട കണ്ടപ്പോൾ പലർക്കും നൈസർ മാഷിനെ ഓർമ വന്നെന്ന് പറഞ്ഞത് ഏവരെയും കൂട്ടി ചിരിയിൽ ആഴ്ത്തി. വിശാലമായ കളവും നെൽപ്പാടവും മനയുടെ സൗന്ദര്യത്തിന് ഏറെ മാറ്റു കൂട്ടുകയുണ്ടായി. മാവിൽ കയറി ഫോട്ടോക്ക് പോസ് ചെയ്തപ്പോൾ പണ്ടത്തെ' മരംകേറി പെണ്ണിനെ' ഓർമവന്നു. മനയിൽ നിന്ന് വണ്ടികയറുമ്പോൾ മനസിൽ ചെറിയൊരു വിഷമം മുളപൊട്ടി. ഇനിയും വരാമെന്ന് മനസിനെ പഠിപ്പിച്ചു കൊണ്ടായിരുന്നു ബസിൽ കയറിയത്. ഇനി എവിടേക്ക് മാഷ് അടുത്തത് എന്ന് ആരോ പുറകിൽ നിന്ന് ചോദിച്ചു.' അനങ്ങൻമല' എന്നു കേട്ടതും എല്ലാവരും അനങ്ങാൻ പറ്റാത്ത അവസ്ഥയിലായി. ഈ പൊരിഞ്ഞ വെയിലത്ത് എങ്ങനെ മലകയറും എന്നായി എല്ലാവരുടെയും സംശയം. ഈ സമയത്താണ്''ബിൻഗോ കളിയുമായി ലൈസൻ മാഷ് എത്തിയത്. കളിയുടെ നിർദ്ദേശങ്ങൾ ക്കിടയിൽ പങ്കെടുക്കാൻ പത്തു രൂപ വേണമെന്ന് ആവശ്യം എല്ല് എല്ലാവരുടെയും മുഖത്തെ തിളക്കത്തിന് മങ്ങലേൽപ്പിച്ചു. മാഷേ ഇത്S.U.P.W അല്ല പൈസ പിരിക്കാൻ എന്ന സുനിയുടെ കമൻറ് ഏവർക്കും മങ്ങിയ തിളക്കം തിരിച്ചുനൽകി. എന്തായാലും ഇടിവെട്ടേറ്റ പാമ്പിനെ പോലെ ആയി മാഷ്. എങ്കിലും അനങ്ങാൻ പാറ വരെയുള്ള യാത്ര ആവേശകരം ആക്കാൻ ബിൻഗോ കളിക്കായി. അവിടെ ചെന്നിറങ്ങിയപ്പോൾ ആദ്യം കണ്ടത് ഐസ്ക്രീം വില്പനക്കാരന് ആയിരുന്നു. കുളിർ മഴ പെയ്ത പോലെ ആയിരുന്നു മനസ്സ്. നട്ടുച്ച വെയിലത്ത് എങ്ങനെ മലകയറും എന്നാലോചിച്ചപ്പോൾ പലരുടെയും മുഖത്ത് കാർമേഘം ഇരുണ്ടു കൂടി. ഈ കാർമേഘം ഒന്നും എന്നെ തളർത്തില്ല എന്നമട്ടിൽ സന്തോഷ് മാഷ് കൂപ്പൺ എടുക്കാൻ മുന്നോട്ടാഞ്ഞു. എന്തായാലും വന്നതല്ലേ മലകയറാം എന്ന രമ്യ പറഞ്ഞപ്പോൾ ഞാനും മലകയറാൻ കൂടി. പ്രീത വാങ്ങിത്തന്ന ചോക്കോബാർ ഉം നുണയായിരുന്നു കരിമല കയറ്റം. മലയുടെ താഴ്‌വാരത്ത് ആയി ചെറിയ പാറക്കെട്ടുകൾക്കിടയിലൂടെ വെള്ളത്തിൻറെകളകളാരവം കേൾക്കുന്നുണ്ടായിരുന്നു. അവിടെ പാറക്കെട്ടുകളിൽ ഇരുന്നുകൊണ്ട് വീണ്ടും സെൽഫി. വഴുക്കൽ ഉള്ളതുകൊണ്ട് പതുക്കെയായിരുന്നു യാത്ര. ഇതിനിടെ റോഷ്യം സംഘവും കൂപ്പൺ ഇല്ലാതെതന്നെ പാടത്തുകൂടെ മല കയറുകയുണ്ടായി. ബാക്കി സംഘങ്ങളെല്ലാം വെയിലിനെ അവഗണിച്ച് മലകയറാൻ ഒരുക്കം തുടങ്ങി. ജിസ പാറയിൽ വഴുതി വീണത് അല്പം ഭീതി ഉളവാക്കിയെങ്കിലും, പലരും ഇത് അവഗണിച്ചുകൊണ്ട് പാറയിൽ മൽപ്പിടുത്തം നടത്തുന്ന കാഴ്ചയും കാണാൻ സാധിച്ചു. വെയിൽ ചാഞ്ഞ തോടെ ടൂറിസ്റ്റുകൾ എത്താൻ തുടങ്ങി ഫിലിപ്പൈനി സംഘമാണ് ആദ്യമെത്തിയത്. ഫിലിപ്പിനി സ്ത്രീയുടെ നിറം നോക്കി കുറച്ചുനേരം ഇരുന്നു. എല്ലാവരും തിരിച്ചെത്തി വീണ്ടും ഫോട്ടോ സെക്ഷൻ. ബസ് ഡ്രൈവർ കാണ് ഇപ്പോൾ ക്യാമറാമാൻ ആകാനുള്ള നറുക്കുവീണത്. സുനിയും സന്തോഷ് മാഷും റോഡിൽ ഇരുന്നും കിടന്നും ഫോട്ടോ എടുത്തു കൊണ്ടേയിരുന്നു. ഫോട്ടോയിൽ പെടാനുള്ള തന്ത്രത്തിൽ മറ്റുള്ളവരും. ബസിൽ കയറിയതോടെ വീണ്ടും ജയൻ തരംഗം, കൂടെ മറ്റുള്ളവരും തകർത്തു. അയ്യോ...... അയ്യോ... വിളികളും കൂവലുകളും ആയി'വിജ്ഞാനച്ചെപ്പ്' പുതിയ പാട്ടുകൾക്കായി പരാതി ഉയർത്തി. എങ്കിലും രാമായണ കാറ്റേ എന്ന പാട്ട് ആവർത്തിച്ചു വെച്ച് എല്ലാവരും തകർത്തു. പോകുന്ന വഴിയിൽ ഭാരതപ്പുഴയിൽ ഒന്നിറങ്ങാം എന്ന സന്തോഷ് മാഷ്

പറഞ്ഞതോടെ മനസിൽ തകിലടി മേളമായിരുന്നു. ദീർഘനാളായുള്ള ആഗ്രഹം. രണ്ടാംക്ലാസിൽ പഠിക്കുമ്പോഴാണ് നിളയുടെ സൗന്ദര്യത്തെക്കുറിച്ച് അമ്മ പറഞ്ഞതോർത്ത്. അത് യാഥാർഥ്യമാകാൻ പോകുന്നു. തിരിച്ചുള്ള യാത്രയിൽ നിളയെ കുറിച്ച് ആയിരുന്നു ചിന്ത മുഴുവൻ. ബസ് അല്പം നീക്കി നിർത്തിയെങ്കിലും ഞാനും രമ്യയും പ്രീതയും ഉത്സാഹത്തിൽ മുന്നോട്ടു കുതിച്ചു. എന്തായാലും നിങ്ങൾക്ക് ഒരു അവാർഡ് തരണം, മനുഷ്യനെ നടക്കാൻ വയ്യാണ്ടായി എന്നായിരുന്നു ഇതുകണ്ട്നീനുവിന് കമൻറ്. ഓരോരുത്തരും പിന്നാലെ സാവധാനം വന്നുകൊണ്ടേയിരുന്നു. പാലത്തിൽ നിന്ന് ഇറങ്ങി പുഴയിലേക്ക് നടക്കുമ്പോഴാണ് നമ്മുടെ വിജ്ഞാനച്ചെപ്പ് ചെളിയിൽ വീണത് എങ്കിലും എടുക്കപ്പെട്ട എണീറ്റ് മുന്നോട്ട് നടന്നു. കുറെ നേരം നിളയിൽ ഇറങ്ങി നിന്നു. അധികം ആഴം ഒന്നുമുണ്ടായിരുന്നില്ല. ധാരാളം വെള്ളാരംകല്ലുകൾ പുഴയിൽ ഉണ്ടായിരുന്നു. അതിൽ കാൽ ഉരയ്ക്കുന്നത് നല്ലതാണെന്ന് ബീന ടീച്ചർ പറഞ്ഞത് കേട്ടപ്പോൾ എന്നിലെ സൗന്ദര്യ മോഹിഉയർത്തെണീറ്റു. അങ്ങിങ്ങായി കുട്ടികൾ നീന്തൽ പഠിക്കുന്നുണ്ടായിരുന്നു. വീട്ടിലേക്കുള്ള അക്വേറിയത്തിലെ കല്ലുകൾ പറക്കുന്ന തിരക്കിലായിരുന്നു റോഷ്. എല്ലാവരും പുഴയിൽ നിന്ന് പരസ്പരം വെള്ളം തെറിപ്പിക്കുന്ന ഉണ്ടായിരുന്നു. ചുറ്റും നോക്കിയപ്പോൾ നിള ആകെ മാറിപ്പോയെന്ന് തോന്നി .ഇനി നമുക്ക് ചായ കുടിച്ചാലോ എന്ന സന്തോഷ് മാഷ് പറഞ്ഞത് കേട്ടപ്പോഴാണ് ചിന്തയിൽ നിന്നുണർന്നത്. തിരിഞ്ഞ് ബസ്സിലേക്ക് നടക്കുമ്പോൾ മനസ്സ് വല്ലാതെ നൊന്തിരുന്നു. ഈ നിളയെ പറ്റി തന്നെയായിരുന്നു മനസ്സു മുഴുവൻ. വല്ലാത്ത ദാഹം തോന്നിയതിനാൽ ചായകുടിക്കാൻ മെനക്കെട്ടില്ല. ജ്യൂസിന് ഓർഡർ കൊടുത്തു. മുഷിപ്പിക്കാതെ പെട്ടെന്നുതന്നെ പയ്യൻ കൊണ്ടുവന്ന ജ്യൂസ് വലിച്ചു കുടിച്ചു പുറത്തേക്ക് നടന്നു. താഴേക്കിറങ്ങി കാറ്റും കൊണ്ട് നിൽക്കുമ്പോഴാണ് പത്തിരി....... പത്തിരി എന്ന റോഷിൻറെ സ്റ്റൈലൻ വിളി. കാലത്ത് ഏൽപിച്ച പത്തിരി ഇതുവരെ അനങ്ങിയിട്ടില്ല എന്ന് ജിസയുടെ പരാതി. ബസ്സിൽ കയറിയ എല്ലാവരും ക്ഷീണിതരായി കാണപ്പെട്ടു.ട രാമായണ കാറ്റേ....... എൻ നീലാംബരി കാറ്റേ..... എന്ന് കേട്ടതോടെ ബസ് മൊത്തം ഇളകാൻ തുടങ്ങി. വീണ്ടും വടക്കുന്നാഥനെ മണ്ണിലേക്ക്....... ചെത്തല്ലൂർ മാഷിൻറ വരികളായിരുന്നു മനസ്സിൽ.

" ഇവിടെയൊരു പുഴയുണ്ടായിരുന്നു
ഇവിടെ ഒരു നദി ഉണ്ടായിരുന്നു
ഇവിടെ ഒരു ഭാരത പുഴയുണ്ടായിരുന്നു
പെരുമയും പഴമയും ഇരുകര തട്ടിലായി
കൈകോർത്തു കക്ക പെറുക്കിയിരുന്നു
മണൽ വിരിമാറിൽ രണധീരന്മാരുടെ
മാമാങ്കം ഉണ്ടായിരുന്നു
കേളികൊട്ടും ചൊല്ലി ആട്ടവുമായി
വള്ളത്തോൾ ഉണ്ടായിരുന്നു"

സമയം പോയതറിഞ്ഞില്ല. തൃശൂരിലെത്തിയത് പെട്ടെന്നായിരുന്നു. ഓരോരുത്തരും വീണ്ടും കാണാമെന്ന് പറഞ്ഞിറങ്ങുമ്പോൾ ഒരു വിങ്ങലായിരുന്നു. ആ സമയത്തും സന്തോഷ് മാഷ് പത്തിരിയും, ബിരിയാണിയും വിതരണംചെയ്യുന്ന തിരക്കിലായിരുന്നു. തികച്ചും ഉത്തരവാദിത്വമുള്ള കാരണവരെ പോലെ. ഒരുപാട് നാളത്തെ

# സ്ട്രിങ്ങ്

ആഗ്രഹമായിരുന്നു വരിക്കാശ്ശേരി മന. തിരക്കുകളിൽ നിന്ന് ഒരു നല്ല ദിനം സമ്മാനിച്ച എൻറെ എല്ലാ പ്രിയ സുഹൃത്തുക്കൾക്കും നന്ദി....... അടുത്തകൊല്ലം വീണ്ടും കലക്കാട്ട്ഗഡീ .... എന്നു മനസ്സിൽ കോറിയിട്ട ആയിരുന്നു വീട്ടിലേക്കുള്ള യാത്ര. പക്ഷേ യാത്ര പറയുന്നതിനിടയിൽ ആരുടെയോ വായിൽ നിന്നു വീണ" കോസ് തീറ്റ" എന്ന പദത്തിൻറെ അർത്ഥത്തിൽ ആയി ഇപ്പോഴും പലരും അന്വേഷണത്തിലാണ്. എന്തോ എനിക്കും കിട്ടിയില്ലല്ലോ കോസ് തീറ്റയുടെ അർത്ഥം.

**BY**

**AYSHA.MOHANDAS.K**

**HSA PHY SCIENCE**

# കുഞ്ഞുവരകൾ








## സ്ട്രിങ്ങ്

# കുഞ്ഞുവരകൾ




# കുഞ്ഞുവരകൾ






# കുഞ്ഞുവരകൾ










# കുഞ്ഞുവരകൾ





# കുഞ്ഞുവരകൾ






# കുഞ്ഞുവരകൾ






# <u>നന്ദി</u>



ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ സന്മനസ്സു കൾക്കും നന്ദി രേഖപ്പെടുത്തട്ടെ!

ലിറ്റിൽ കൈറ്റ്സ്
എസ്.എൻ.എം.എച്ച്.എസ്.എസ്.
ചാഴൂർ